**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1956** **11-10-2021 - ൽ മറുപടിയ്ക്ക്**

**സിൽവർലൈൻ റെയിൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | നിർദ്ദിഷ്ട തിരുവനന്തപുരം-കാസർഗോഡ് സിൽവർലൈൻ റെയിൽ പദ്ധതിക്കുള്ള ഡി.പി.ആർ., റാപ്പിഡ് എൻവയോൺമെന്റ് ഇംപാക്ട് സ്റ്റഡി റിപ്പോർട്ട്, ഫീസിബിലിറ്റി സ്റ്റഡി റിപ്പോർട്ട് എന്നിവ ലഭിച്ചിട്ടുണ്ടോ; ഇവയ്ക്കായി ചെലവാക്കിയ തുകയുടെയും തയ്യാറാക്കിയ ഏജൻസിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | പാരിസ് ആസ്ഥാനമായ ട്രാൻസ്പോർട്ടേഷൻ കൺസൾട്ടൻസിയെ ആണ് വിശദമായ പഠനത്തിനായി ഡി.പി.ആർ തയ്യാറാക്കാൻ നിയോഗിച്ചത്. സിൽവർലൈൻ പദ്ധതിയുടെ ഡി.പി.ആർ സർക്കാർ അംഗീകരിച്ച് റെയിൽവേ ബോർഡിന്റെ പരിഗണനക്കായി സമർപ്പിച്ചിട്ടുണ്ട്. ജൂൺ 2020 ൽ ഡി.പി.ആർ തയ്യാക്കുന്നതുവരെ പന്ത്രണ്ട് കോടി അറുപത്തിരണ്ട് ലക്ഷം രൂപ ചെലവായിട്ടുണ്ട്. ദ്രുത പരിസ്ഥിതി ആഘാത പഠന റിപ്പോർട്ട് പൂർത്തീകരിച്ച് കെ.ആർ.ഡി.സി.എൽ ന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡെവലപ്പ്മെന്റ് എന്ന തിരുവനന്തപുരം ആസ്ഥാനമായ എജൻസിയ്ക്ക് മുപ്പതു ലക്ഷം രൂപ നൽകിയിട്ടുണ്ട്. |
| (ബി) | ഈ പദ്ധതിക്കും മറ്റ് അനുബന്ധ ആവശ്യങ്ങൾക്കുമായി എത്ര വീടുകളും വ്യാപാര സ്ഥാപനങ്ങളും വിദ്യാലയങ്ങളും ആരാധനാലയങ്ങളും ഉൾപ്പെടെയുള്ള നിർമ്മിതികൾ ഭാഗികമായോ പൂർണമായോ ഏറ്റെടുക്കേണ്ടിവരും എന്നാണ് കണക്കാക്കിയിട്ടുള്ളത്; ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | ഡി.പി.ആർ പ്രകാരം ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 9314 കെട്ടിടങ്ങളെ ബാധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. വീടുകൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ തുടങ്ങി ഇനംതിരിച്ചുള്ള കണക്ക് വിശദ സ്ഥല സർവ്വേയ്ക്കുശേഷമേ ലഭിക്കുകയുള്ളൂ. |
| (സി) | ഈ പദ്ധതിക്കായി എത്ര ഭൂമി ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്; ഇതിൽ സ്വകാര്യ ഭൂമി, സർക്കാർ ഭൂമി, റെയിൽവേ ഉടമസ്ഥതയിലുള്ള ഭൂമി എന്നിവയുടെ അളവുകൾ തരംതിരിച്ച് ലഭ്യമാക്കുമോ; | (സി) | ഈ പദ്ധതിക്കായി 1383 ഹെക്ടർ ഭൂമി ആവശ്യമായി വരുമെന്നാണ് കണക്കാക്കുന്നത്. ഡി.പി.ആർ പ്രകാരം ഇതിൽ 185 ഹെക്ടർ റെയിൽവേ ഭൂമിയും ബാക്കി സ്വകാര്യ ഭൂമിയുമാണ്. കൃത്യമായ വിവരങ്ങൾ വിശദ സ്ഥല സർവ്വേയ്ക്കുശേഷമേ ലഭിക്കുകയുള്ളൂ. |
| (ഡി) | പദ്ധതിക്കായി ഏറ്റെടുക്കുന്ന ഭൂമിയിൽ വയലുകൾ, ചതുപ്പുകൾ, തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, കുന്നുകൾ തുടങ്ങി വിവിധയിനം ഭൂമിയുടെ അളവുകൾ തരംതിരിച്ച് ലഭ്യമാക്കുമോ; | (ഡി) | പദ്ധതിക്കായുള്ള പാരിസ്ഥിതിക സാമൂഹിക ആഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ നെൽപ്പാടങ്ങൾ, വയലുകൾ, ചതുപ്പുകൾ, തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, |

| | | | |
|---|---|---|---|
| | | | കുന്നുകൾ എന്നിവ സംരക്ഷിക്കുക എന്ന ഉദ്ദേശത്തോടുകൂടി ഈ പ്രദേശങ്ങളിൽ ആകാശ പാതയിലൂടെയാണ് പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്. ഇതിൽ 115 കിലോമീറ്റർ പാടശേഖരങ്ങളിലെ 88 കിലോമീറ്റർ ആകാശ പാതയിലൂടെയുമാണ് കടന്നുപോകുന്നത്. ജലാശയങ്ങളും തണ്ണീർത്തടങ്ങളും മറ്റും സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള പാലങ്ങളും കൽവർട്ടുകളും ഇതിനായി നിർമ്മിക്കുന്നതായിരിക്കും. അതുപോലെതന്നെ പരിസ്ഥിതിയെ ബാധിക്കാത്ത രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങളായിരിക്കും പദ്ധതിക്കായി നടപ്പാക്കുക. ഇവയുടെ ഇനം തിരിച്ചുള്ള കണക്ക് വിശദ സ്ഥല സർവ്വേയ്ക്കുശേഷമേ ലഭിക്കുകയുള്ളൂ. |
| (ഇ) | പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് ആകെ എത്ര തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | ഡി.പി.ആർ പ്രകാരം 1383 ഹെക്ടർ ഏറ്റെടുക്കുവാനായുള്ള ഭൂവില സാമൂഹ്യ ആഘാത പഠനം, പുനരധിവാസത്തിനും ഉൾപ്പെടെ 13,362 കോടി രൂപ ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ